# വിശാലകൊച്ചിവികസന അതോറിറ്റി

പി.ബി. നമ്പർ 2012 ഫോൺ : 0484-2204261, 2204261 ഫാക്സ് 91 484 2206230 കൊച്ചി-682020
Web: www.gcda.kerala.gov.in; E-mail : gcdaonline@gmail.com

നം.374/എസ്റ്റേറ്റ്/ബി-3/2023/ജിസിഡിഎ തീയതി, 16.02.2023

## ടെണ്ടർ/ലേലം നോട്ടീസ്

വിശാല കൊച്ചി വികസന അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയകളിൽ (4 എണ്ണം) നിന്നും ഒരു വർഷക്കാലത്തേക്ക് പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ടെണ്ടർ/ലേലം മുഖേന നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ടെണ്ടർഫോറം നൽകുന്ന അവസാന തീയതി : 24/02/2023 പകൽ 12 മണി വരെ

ടെണ്ടർ ഫോറത്തിന്റെ വില : 560/- രൂപ.

നിരതദ്രവ്യമായി അടയ്ക്കേണ്ട തുക, "Secretary, GCDA, Kochi" എന്ന പേരിൽ ഡിഡിയായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഓരോ പാർക്കിംഗ് ഏരിയകളുടെയും ഇ.എം.ഡി ചുവടെ ചേക്കുന്ന പ്രകാരമായിരിക്കും.

(1) അംബേദ്കർ സ്റ്റേഡിയം പരിസരം - 50,000/- രൂപ

(2) സി.പി. ഉമ്മർ റോഡിലെ അതോറിറ്റി വക സ്ഥലം - 25,000/-

(3) ജെ.എൻ.ഐ.എസ് പരിസരം - 2,00,000/-

(4) സൗത്ത് റെയിൽവെ സ്റ്റേഷൻ കിഴക്കെ കവാടം - 5,00,000/-

താൽപ്പര്യമുള്ളവർ നിശ്ചിത നിരത ദ്രവ്യത്തോടൊപ്പം നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ ടി ഏരിയകൾക്ക് ഓരോന്നിനും വാഗ്ദാനം ചെയ്യുന്ന വാടക രേഖപ്പെടുത്തിയ ടെണ്ടർ മുദ്ര വെച്ച കവറുകളിൽ 24/02/2023 ഉച്ച കഴിഞ്ഞ് 1.00 മണി വരെ ജിസിഡിഎ ഓഫീസിൽ ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.

അന്നേ ദിവസം പകൽ 3.00 മണിയ്ക്ക് ജിസിഡിഎ ഓഫീസിൽ വച്ച് പരസ്യ ലേലം ഉണ്ടായിരിക്കുന്നതാണ്. ലേലം കഴിഞ്ഞാലുടൻ ടെണ്ടറുകൾ തുറക്കുന്നതുമാണ്.

ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങളും അപേക്ഷാഫോറങ്ങളും ഓഫീസിൽ നിന്നും 24/02/2023 തീയതി ഉച്ചയ്ക്ക് 12 മണി വരെ ലഭ്യമാകുന്നതാണ്. ടെണ്ടർ/ലേലം യാതൊരു കാരണം കാണിക്കാതെ മാറ്റി വയ്ക്കുന്നതിനോ നിരസിക്കുന്നതിനോ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. ടെണ്ടർ/ലേല ദിവസം അവധിയാണെങ്കിൽ ടെണ്ടർ/ലേലം തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ നടത്തുന്നതാണ്.

ഒപ്പ്/-
സെക്രട്ടറി.

സൂപ്രണ്ട്.

നോട്ടീസ്ബോർഡ്
അതോറിറ്റിവക പ്രധാന വാണിജ്യസമുച്ചയങ്ങൾ

Mtk-17/02/2023